# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം : *50 — 6-2-2013-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

ചോദ്യം — ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.

ശ്രീ. ചിറ്റയം ഗോപകുമാർ
,, വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, കെ. അജിത്

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള ലോ ടെൻഷൻ, ഹൈ ടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും എത്ര ഉപഭോക്താക്കൾ വീതമുണ്ട് | (എ) എ) 30.09.2012 – ലെ കണക്കനുസരിച്ച് ഹൈടെൻഷൻ വിഭാഗത്തിൽ കടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ എണ്ണം 1489 ഉം എക്സ്ട്രാ ഹൈടെൻഷൻ വിഭാഗത്തിൽ കടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ എണ്ണം 23 ഉം ആണ്. എൽ.ടി. വിഭാഗത്തിൽ കടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ എണ്ണം 179758 ആണ്. |
| (ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയതിന്റെ പേരിൽ നിലവിൽ എത്ര ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ട്; | (ബി) (ബി) വൈദ്യുതി ചാർജ്ജ് കടിശ്ശിക വരുത്തിയതിന്റെ പേരിൽ ഗാർഹിക വിഭാഗത്തിൽ 96436 ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിഛേദിച്ചിട്ടുണ്ട് |
| (സി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ പേരിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിൽ നിന്നും ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) ഇല്ല. |

(ഡി) വൻകിട വൈദ്യുതി ചാർജ്ജ് കുടിശ്ശികക്കാരിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിയമാനുസൃതമായ വിവിധ പദ്ധതികൾ വൈദ്യുത ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. അവ ചുവടെ ചേർക്കുന്നു.

(i)യഥാസമയം വൈദ്യുത ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം വിഛേദിക്കുക.

(ii)ആറ് മാസക്കാലം വിഛേദിച്ചിട്ടിരിക്കുന്ന വൈദ്യുത കണക്ഷൻ അഴിച്ചു മാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും കുടിശ്ശിക വസൂലാക്കൽ ത്വരിതപ്പെടുത്തുകയും ചെയ്യുക.

(iii)കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.

(iv)പൂട്ടിക്കിടക്കുന്ന എച്ച്.ടി., എൽ.ടി. വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിക്കു മുമ്പേ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ് / ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

(v)ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ 'മുതൽ' ഒറ്റത്തവണയിലോ തവണകളായോ ഒടുക്കിയാൽ പലിശയിൽ ഇളവനുവദിച്ചു കൊടുക്കുക. പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ അന്തിമമായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുകയാണെങ്കിലോ പലിശ 3% ആയി ഇളവു ചെയ്തു നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5%

ആയിരിക്കും. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ അടയ്ക്കുകയാണെങ്കിൽ മാത്രമേ മേൽപ്രസ്താവിച്ച ഇളവുകൾ ലഭിക്കുകയുള്ളൂ. അല്ലാത്ത പക്ഷം പലിശ യഥാക്രമം 6% ഉം 9% ഉം ആയിരിക്കുന്നതാണ്. ഈ പദ്ധതിയുടെ കാലാവധി 31.01.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(vi) കോടതികളിൽ കുടിശ്ശിക സംബന്ധിച്ച് നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക

(ഇ) വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ വിവിധ സർക്കാർ വകുപ്പുകൾ എല്ലാംകൂടി വരുത്തിയിട്ടുള്ള കുടിശ്ശിക എത്രയാണ്?

(ഇ) 30.09.2012 വരെയുള്ള കാലയളവിൽ വിവിധ സർക്കാർ സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള കുടിശ്ശികയുടെ കണക്ക് ചുവടെചേർക്കുന്നു.

| | | |
|---|---|---|
| (i) | സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | രൂപ 95.28 കോടി |
| (ii) | സംസ്ഥാന പൊതുമേഖലയും സഹകരണ സ്ഥാപനങ്ങളും | രൂപ 490.76 കോടി |
| (iii) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | രൂപ 4.87 കോടി |
| (iv) | കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | രൂപ 0.62 കോടി |
| (v) | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | രൂപ 16.73 കോടി |
| | ആകെ | രൂപ 608.26 കോടി |

സെക്ഷൻ ഓഫീസർ